പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2877 — 17.10.2016 ൽ മറുപടിക്ക്

## താലൂക്കാശുപത്രികളാക്കി ഉയർത്തിയ ആശുപത്രികളിലെ അടിസ്ഥാന സൗകര്യങ്ങൾ

| ചോദ്യം<br>ശ്രീ.റ്റി.വി.രാജേഷ് | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | താലൂക്കാശുപത്രികളാക്കി ഉയർത്തപ്പെട്ട ആശുപത്രികളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ആനുപാതികമായ തസ്തികകൾ സൃഷ്ടിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) | താലൂക്ക് ആശുപത്രികളായി ഉയർത്തപ്പെട്ട ആശുപത്രികളുടെ അടിസ്ഥാന സൗകര്യ വികസനങ്ങൾക്കായി ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാരിൽ നിന്നും പ്രൊപ്പോസലുകൾ ലഭിക്കുന്ന മുറയ്ക്ക് അതാത് സാമ്പത്തിക വർഷങ്ങളിലെ പ്ലാൻ, നോൺ പ്ലാൻ ഫണ്ടുകളിൽ ഉൾക്കൊള്ളിച്ച് നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഭരണാനുമതി സർക്കാരിൽ നിന്നും നൽകാറുണ്ട്. താലൂക്ക് ആശുപത്രികളിൽ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള സമാഹൃത പ്രൊപ്പോസൽ ആരോഗ്യ വകുപ്പ് ഡയറക്ടർ സമർപ്പിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | മേൽപ്പറഞ്ഞ കാര്യങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | സ്വീകരിക്കുന്നതാണ്. |
| (സി) | എല്ലാ താലൂക്ക് ആശുപത്രികളിലും ജൻ ഔഷധി സ്റ്റോർ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളോടനുബന്ധിച്ചും സംസ്ഥാനത്തെ ഫാർമസി കോളേജുകളോടനുബന്ധിച്ചും 300 "ജൻ ഔഷധി സ്റ്റോറുകൾ" തുടങ്ങുന്നതിന് വേണ്ടി കേന്ദ്ര ഫാർമസ്യൂട്ടിക്കൽ ഡിപ്പാർട്ട്മെന്റിന് കീഴിലുള്ള ബ്യൂറോ ഓഫ് ഫാർമ പബ്ലിക് സെക്ടർ അണ്ടർടേക്കിംഗ്സ് ഓഫ് ഇന്ത്യ (BPPI) യും സംസ്ഥാന ഫാർമസി കൗൺസിലിന്റെ നിയന്ത്രണത്തിലുള്ള "ഫാർമസ്യൂട്ടിക്കൽ സൊസൈറ്റി ഓഫ് കേരള"യുമായി ധാരണാപത്രം കൈമാറിയിട്ടുണ്ട്. 2016, 2017, 2018 വർഷങ്ങളിൽ 100 വീതം ജൻഔഷധി സ്റ്റോറുകൾ തുടങ്ങുമെന്നാണ് ധാരണയിലെത്തിയിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ